(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കെ.ടി.ഡി.സി. ചെയർമാൻ സർക്കാർ ചെലവിൽ നടത്തിയ വിദേശയാത്രകൾ ഏതൊക്കെയായിരുന്നു; ഏതെല്ലാം രാജ്യങ്ങൾ എത്ര തവണ വീതം സന്ദർശിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) മേല്പറഞ്ഞ വിദേശ സന്ദർശനങ്ങൾക്കെല്ലാം കൂടി ഖജനാവിൽനിന്നും ഓരോ വർഷവും ചെലവായ തുക എത്രയാണെന്ന് അറിയിക്കുമോ ;

(ഡി) ഏതെങ്കിലും വിദേശയാത്രയുടെ കണക്കുകൾ തീർക്കുന്നതിനായി ബാക്കി നില്പുണ്ടോ; ഓരോ യാത്രയിലും ചെലവഴിക്കപ്പെട്ട ഡോളറുകൾ എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട് വിദേശരാജ്യങ്ങളിൽ സംഘടിപ്പിക്കപ്പെട്ട മേളകൾ/ഉത്സവങ്ങൾ തുടങ്ങിയവയിൽ കെ.ടി.ഡി.സി. ചെയർമാൻ പങ്കെടുത്തിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.ടി.ഡി.സി. ചെയർമാൻ സർക്കാർ ചെലവിൽ വിദേശരാജ്യങ്ങൾ സന്ദർശിച്ചിട്ടില്ല.

(സി&ഡി) ബാധകമല്ല.

വിസ ഓൺ അറൈവൽ പദ്ധതി

298(999) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിസ ഓൺ അറൈവൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഇന്ത്യാ ഗവൺമെന്റ് നടപ്പിലാക്കിയ ഈ സംവിധാനം ടൂറിസ്റ്റ് വിസ ഓൺ അറൈവൽ (T.V.o.A) എന്ന പേരിൽ അറിയപ്പെടുന്നു. ഇതിന് ഓൺ ലൈൻ വഴി അപേക്ഷിക്കേണ്ടതും തുടർന്ന് ഇലക്ട്രോണിക് ട്രാവൽ അതറൈസേഷൻ (E.T.A) ലഭിച്ചതിനുശേഷം ഇതുമായി കേരളത്തിലേയ്ക്ക് വരാവുന്നതുമാണ്. തുടർന്ന് ആവശ്യമായ ലളിതമായ പരിശോധനകൾ കേരളത്തിലെ എയർപോർട്ടുകളിൽ നടക്കുന്നതും ഇതിനുശേഷം നൽകുന്ന വിസ ഉപയോഗിച്ച് കേരളത്തിൽ യാത്ര ചെയ്യാവുന്നതുമാണ്. ജർമ്മനി, ജപ്പാൻ, ആസ്ട്രേലിയ, ന്യൂസിലാന്റ്, നോർവെ, റഷ്യ, യു.എ.ഇ. തുടങ്ങി 113 രാജ്യങ്ങളിൽനിന്ന് ഇന്ത്യയിലെത്തുന്ന സഞ്ചാരികൾക്ക് രാജ്യത്തെ 16 വിമാനത്താവളങ്ങളിൽ നിന്ന് ലളിതമായ നടപടിക്രമങ്ങളിലൂടെ ടൂറിസ്റ്റ് വിസ ലഭ്യമാക്കുന്നതാണ് ഈ സംവിധാനം. കേരളത്തിൽ കൊച്ചി, തിരുവനന്തപുരം വിമാനത്താവളങ്ങളിൽ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വിനോദസഞ്ചാരം, സുഹൃത്തുക്കളേയും ബന്ധുക്കളേയും സന്ദർശിക്കൽ, ഹ്രസ്വകാലയളവിലേക്കുള്ള ചികിത്സ/ബിസിനസ് തുടങ്ങിയ ആവശ്യങ്ങൾക്കായി എത്തുന്ന വിദേശികൾക്കാണ് ഈ സൗകര്യം ലഭിക്കുക. ഇത് അത്യന്തികമായി രാജ്യത്തിന്റെയും ഇതോടൊപ്പം കേരളത്തിന്റെയും വിനോദസഞ്ചാരമേഖലയ്ക്ക് ഗുണകരമാകും എന്നാണ് കരുതുന്നത്. കുറഞ്ഞത് 6 മാസത്തെ പാസ്പോർട്ടുള്ള, മേൽരാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികൾക്ക്, 60 യു.എസ്. ഡോളർ വരെയുള്ള വ്യത്യസ്ത നിരക്കുകളിൽ 30 ദിവസത്തേക്ക് അംഗീകാരമുള്ള വിസയാണ് നൽകുക. വിനോദസഞ്ചാരത്തിനായി കേരളത്തിലെത്തുന്ന വിദേശികൾക്ക് പരമാവധി ബുദ്ധിമുട്ടുകൾ കുറച്ച് വിസ ലഭ്യമാക്കുന്നതുവഴി 2021-ഓടെ 30 ലക്ഷം വിദേശ വിനോദസഞ്ചാരികൾ കേരളം സന്ദർശിക്കുക എന്ന ലക്ഷ്യമിട്ട് നടത്തുന്ന പ്രചാരണ പരിപാടികൾക്ക് സ്വീകാര്യത ലഭിക്കുമെന്നാണ് കരുതുന്നത്. ഇതുവരെ വേണ്ടത്ര പ്രചരണം ലഭിക്കാത്ത ഏഷ്യയിലെയും യൂറോപ്പിലേയും വിവിധ വിപണികൾ ഉപയോഗപ്പെടുത്തുന്നതിനും പുതിയ വിപണികളിൽ നിന്നുള്ള സഞ്ചാരികളെ ആകർഷിക്കുന്നതിനും ഈ സംവിധാനം സഹായകരമാകും. ഇതുവഴി ടൂറിസം വ്യവസായത്തിലെ സമഗ്ര മേഖലകളിലും പുതിയൊരു ചലനം ഉണ്ടാക്കുവാൻ കഴിയും. കൂടാതെ ഇതര മേഖലകളിലും അതിന്റെ ഗുണം ലഭ്യമാകുന്നതാണ്. ഈ സംവിധാനത്തിന്റെ സാധ്യതകൾകൂടി കണക്കിലെടുത്താണ് 2015-16 വർഷം വിസിറ്റ് കേരള ഇയർ എന്ന രീതിയിൽ വിപണനം ചെയ്യാൻ തീരുമാനമെടുത്തിട്ടുള്ളത്.

GPM. 2/238/2020-48

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) 2013-ലും 2014-ലും ജപ്പാനിലെ 'ജപ്പാൻ അസോസിയേഷൻ ഓഫ് ട്രാവൽ ഏജന്റ്സ്' (JATA) ഫെയറിലും 2014 ജനുവരിയിൽ ഫിൻലാന്റിലെ 'MATKA ട്രാവൽ' ഫെയറിലും കേരളാ ടൂറിസം പങ്കെടുക്കുകയും 2014-ൽ ഫിൻലാന്റിലെ ഹെൽസിങ്കിയിലും ന്യൂസിലാന്റിലെ ഓക്ക് ലാന്റിലും റോഡ് ഷോകൾ സംഘടിപ്പിക്കുകയും ചെയ്തു. 2015-ൽ I.T.B. Berlin, FITUR Spain, BITE China, ITB ASIA Singapore, MITT Moscow, OTDYKH Leisure, Moscow, ATM Dubai എന്നീ ടൂറിസം ഫെയറുകളിലും പങ്കെടുത്തിട്ടുണ്ട്. കൂടാതെ ഹെൽസിങ്കി, ഓസ്ലോ, കൊളംബോ, ഷാങ്ഹായ്, സെന്റ്പീറ്റേഴ്സ് ബർഗ്, വാഴ്സ, ബ്രസൽസ്, ടോക്കിയോ, ഫ്രാങ്ക്ഫർട്ട് എന്നീ നഗരങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിച്ചിട്ടുണ്ട്. 2016-ൽ USA-യിൽ ടൂറിസം ഫെയർ, റോഡ് ഷോ എന്നിവയിലും സ്പെയിനിലെ FITUR ഫെയറിലും പങ്കെടുത്തു. ITB Berlin 2016-ൽ ഫെയറുകൾ, പാരീസിലെ റോഡ് ഷോ എന്നിവ മറ്റ് പ്രധാന പ്രചാരണ പരിപാടികളാണ്. TVoA സംവിധാനത്തിലുൾപ്പെടുന്ന മേൽപ്പറഞ്ഞ രാജ്യങ്ങളിലെ കേരള ടൂറിസത്തിന്റെ സജീവ സാന്നിദ്ധ്യം TVoA-യുടെ പ്രചാരണത്തിന് ഉപയോഗിക്കാൻ കഴിയുന്നുണ്ട്. പ്രസ്തുത സംവിധാനത്തിന്റെ അനന്തരസാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി വിനോദ സഞ്ചാര വകുപ്പ് 'കം ടു കേരള' എന്ന പേരിൽ ഒരു ഓൺലൈൻ മത്സര പദ്ധതി വിജയകരമായി സംഘടിപ്പിച്ചു. 12 രാജ്യങ്ങളിൽനിന്നും ഓൺലൈൻ സംവിധാനത്തിലൂടെ ഫോട്ടോഗ്രാഫി, പാചകം, ചരിത്രം, സംഗീതം തുടങ്ങിയ വിവിധ വിഷയങ്ങളിൽ താൽപര്യമുള്ള വ്യത്യസ്ത ഗ്രൂപ്പുകൾ സൃഷ്ടിക്കുകയും ഫെയ്സ്ബുക്ക്, ട്വിറ്റർ, ഗൂഗിൾപ്ലസ് തുടങ്ങിയ സോഷ്യൽ മീഡിയകളിലൂടെ വോട്ടെടുപ്പുവഴി '9' വിജയികളെ തെരഞ്ഞെടുക്കുകയും ഇവർക്ക് കേരളം കാണുന്നതിനുള്ള അവസരം ഒരുക്കുകയും ചെയ്തു. 'കം ടു കേരള' പ്രോഗ്രാമിലൂടെ ലക്ഷക്കണക്കിന് ജനങ്ങളിൽ TVoA സംവിധാനത്തിന്റെ പ്രചരണം നൽകുന്നതിന് സാധിച്ചു. ഇതിന്റെ വിജയത്തെ തുടർന്ന് ഈ വർഷം "VISIT KERALA INSTAGRAM GAMIFICATION" എന്ന വ്യത്യസ്തമായ ഓൺ ലൈൻ പരിപാടി നടപ്പിലാക്കുന്നുണ്ട്. കൂടാതെ കേരള ടൂറിസത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ TVoA സംവിധാനത്തിന്റെ മുഴുവൻ വിശദാംശങ്ങളും നൽകിയിട്ടുണ്ട്.